## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5714 — 02.07.2019- ൽ മറുപടിയ്ക്ക്

### മുട്ട ഉൽപ്പാദകരുടെ പ്രശ്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ .ബി.സത്യൻ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം,ക്ഷീരവികസനം<br>മൃഗശാലവകുപ്പ് മന്ത്രി ) |
| എ) | കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയ്ക്ക് കഴിഞ്ഞ ഒരു വർഷമായി ഉണ്ടായ വിലവർദ്ധനവ് വിശദമാക്കുമോ; തീറ്റയുടെ വിലവർദ്ധനവിന് ആനുപാതികമായി പാൽ, മുട്ട എന്നിവയുടെ വില വർദ്ധിച്ചിട്ടുണ്ടോ; | | അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും, വിലവർദ്ധനവും കാരണം കഴിഞ്ഞ വർഷം കോഴിത്തീറ്റയ്ക്കും കാലിത്തീറ്റയ്ക്കും വില വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം ഉണ്ടായ വിലവർദ്ധനവ് അനുബന്ധമായി ചേർക്കുന്നു. തീറ്റയുടെ വിലവർദ്ധനവിന് ആനുപാതികമായി പാലിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല . എന്നാൽ സംസ്ഥാനത്ത് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന മുട്ടയ്ക്ക് വില വർദ്ധിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ മുട്ട ഉൽപ്പാദകർക്ക് വിപണനം ചെയ്യാനാകാത്ത വിധം താഴ്ന്ന വിലയിൽ അയൽ സംസ്ഥാനങ്ങളിലെ മുട്ട ഉൽപ്പാദകർ വിൽപ്പനയിലേർപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | പരിശോധിച്ചിട്ടില്ല . |
| സി) | തെരുവോരങ്ങളിൽ മുട്ടക്കോഴി കുഞ്ഞുങ്ങൾ എന്ന പേരിൽ പൂവൻ കുഞ്ഞുങ്ങളെ വിറ്റ് തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| ഡി) | അംഗീകൃതമല്ലാത്ത ഉൽപ്പാദന കേന്ദ്രങ്ങൾ, വാക്സിനേഷൻ പോലും ചെയ്യാതെ കോഴിക്കുഞ്ഞുങ്ങളെ വിറ്റഴിക്കുന്നത് തിരിച്ചറിയാനോ തടയാനോ എന്തെങ്കിലും മാർഗ്ഗം നിലവിലുണ്ടോ; വിശദീകരിക്കുമോ? | | നിലവിലില്ല . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കഴിഞ്ഞ ഒരു വർഷം കാലിത്തീറ്റയ്ക്കുണ്ടായ വിലവർദ്ധനവ്

| തീയതി | വർദ്ധനവിന് ശേഷമുള്ള വില /50 kg ചാക്ക് . (Rs) |
|---|---|
| 05/04/2018-30/04/2018 | 925 |
| 01/05/2018-31/05/2018 | 1025 |
| 01/06/2018-31/12/2018 | 975 |
| 01/01/2019-31/01/2019 | 1000 |
| 01/02/2019-20/02/2019 | 1025 |
| 21/02/2019-31/03/2019 | 1045 |
| 01/04/2019-20/05/2019 | 1070 |
| 21/05/2019 മുതൽ | 1120 |

- കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കോഴിത്തീറ്റയുടെ വിലയിൽ ഒരു കിലോയ്ക്ക് മൂന്നു മുതൽ അഞ്ചു രൂപയുടെ വരെ വർദ്ധന ഉണ്ടായിട്ടുണ്ട് .

(ഒപ്പ്)

സെക്ഷൻ ഓഫീസർ